MR. PRESIDENT : ചോദ്യോത്തരങ്ങൾക്കുള്ള സമയം അവസാനിച്ചിരിക്കുന്നു. ബാക്കിയുള്ള ചോദ്യങ്ങൾക്ക് ഉത്തരം മേശമേൽ വയ്ക്കുന്നതാണ്.

MR. MOHAMMED MUSTAFA : ഒരു അടിയന്തിരപ്രമേയം അയച്ചിട്ടുണ്ട്. അതായതു മിൽതുണികിട്ടുന്നതിനുള്ള പ്രയാസത്തേയും അതിന്റെ വില കൂടുതലിനേയും പറ്റിയാണ്. ഇതിനെ സംബന്ധിച്ച് സഭാ ലഡറുടെ അഭിപ്രായം അറിഞ്ഞതിനു ശേഷം കൂടുതൽ പറയാം.

HON'BLE MR. PATTOM A. THANU PILLAI : അടിയന്തിരപ്രമേയത്തെപ്പറ്റി എനിക്കു പറയാനുള്ളതു് ഇതാണ്. മിൽതുണികൾക്കു വന്നിട്ടുള്ള വലുതായ വിലക്കയറ്റത്തെ തടയുന്നതിന് ഇൻഡ്യാഗവണ്മെൻറ് ഒരു നടപടി സ്വീകരിച്ചിട്ടുണ്ട്. അതു സംബന്ധമായ നടപടികൾ അതുപോലെ ഈ ഗവണ്മെൻറും സ്വീകരിച്ചിട്ടുണ്ട്. ആ നടപടികൾ എടുത്തുവരികയാണ്. അതെന്താണെന്നുള്ളതു് ചുരുക്കത്തിൽ പറയാം. ഇപ്പോൾ മില്ലുകളിലുള്ള തുണികളിൽ ഇൻഡ്യാ ഗവണ്മെൻറ് നിശ്ചയിച്ച സ്റ്റാമ്പു ചെയ്യും. അതനുസരിച്ചേ വിൽക്കാൻ പാടുള്ളൂ. ജൂലൈ അവസാനത്തിനു ശേഷമുള്ള തുണിയെ സംബന്ധിച്ചാണ് ഈ നടപടി. എന്നാൽ കച്ചവടക്കാരെ സംബന്ധിച്ചാണെങ്കിൽ അവരുടെ പക്കൽ ഉള്ള സ്റ്റാമ്പു് ചെയ്യാത്ത തുണിയെ ഒക്ടോബർ ൩൧-ാംനു-വരെ അവർക്കു വിൽക്കാം. അതുവരെ അവരുടെ പക്കലുള്ള തുണി വിറ്റഴിച്ചില്ലെങ്കിൽ അതിലും സ്റ്റാമ്പുചെയ്യുന്നതാണ്. ഇപ്പോൾ മില്ലുകളിൽ നിന്നും വലിയ വില കൊടുത്തു് അവർ തുണി വാങ്ങിച്ചിരിക്കുന്നതു കൊണ്ട് അങ്ങനെ ഒരു സമീപനം അവർക്കു ചെയ്യുന്നതാണ്. എങ്കിലും വലിയ വില വർദ്ധനവിനൊന്നും ഇടകൊടുക്കാതെ വേണ്ടതു് ചെയ്യുന്നതാണ്. നമുക്കു മിൽ കുറവാണ്. മുന്നുള്ളതു് കൊല്ലുത്താണ്. അതു സംബന്ധമായും വേണ്ട നടപടി സ്വീകരിക്കുന്നുണ്ട്. ഇൻഡ്യാഗവണ്മെൻറ് പറഞ്ഞതനുസരിച്ച് ഇതെല്ലാം ചെയ്യുന്നതാണ്.

MR. P. S. MUHAMED : കൺട്രോൾ എടുത്തതു നിമിത്തം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ഇൻഡ്യാഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ?

HON'BLE MR. A. THANU PILLAI : അവർക്കറിയാമല്ലോ അവരാണ് കൂടുതൽ അനുഭവപ്പെട്ടതും അതുകൊണ്ടു നടപടി സ്വീകരിച്ചിരിക്കുന്നതും. അതുകൊണ്ട് ആവശ്യമായ നടപടികൾ എല്ലാം സ്വീകരിക്കുന്നുണ്ടെന്നു് ഉറപ്പു പറഞ്ഞുകൊള്ളുന്നു. ഇതിനെ സംബന്ധിച്ച് ഒരടിയന്തിരപ്രമേയത്തിന്റെ ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

MR. MOHAMMED MUSTAFA : ഇപ്പോൾ കച്ചവടക്കാരുടെ തുണികളെല്ലാം, ഗവണ്മെൻറ് ഇങ്ങനെയൊരു നടപടി സ്വീകരിക്കുന്നുവെന്നു കണ്ടിട്ട് ഒളിവിൽ വയ്ക്കുന്നുവെന്നാണ് എനിക്കു കിട്ടിയിടത്തോളമുള്ള അറിവ്. അങ്ങനെയായാൽ കൺട്രോൾ വരുമ്പോൾ ബ്ലാക്ക് മാർക്കറ്റ് എന്ന ഒരേർപ്പാടുള്ളതുകൊണ്ടു പിന്നെ ഈ കരിഞ്ചന്ത വഴി വിൽക്കാമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് അവർ അങ്ങനെ ചെയ്യുന്നത്. അതിനെ സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കുന്നതിനെ സംബന്ധിച്ചാണ് എന്റെ അടിയന്തിര പ്രമേയം.

HON'BLE MR. A. THANU PILLAI : അതിനെക്കുറിച്ച് എനിക്കു പറയുവാനുള്ളത് അതു് അത്ര ശരിയായിരിക്കാനിടയില്ലെന്നുള്ളതാണ്. കാരണം കൺട്രോൾ വരുമ്പോൾ അവക്ക് സ്റ്റാമ്പുചെയ്യുന്നതിയല്ലാതെ മറ്റൊന്നും വിൽക്കാൻ പാടുള്ളതല്ല. അതുകൊണ്ട് കഴിയുന്നതും വേഗത്തിൽ ഈ തുണി വിറ്റഴിക്കാൻ അവർ നോക്കും എന്നാണ് വിശ്വാസം. സ്റ്റാമ്പു ചെയ്യുമ്പോൾ വില തീർച്ചയായും കുറയുമെന്നുള്ളതുകൊണ്ട് ഇപ്പോൾ ഒളിവിൽ വയ്ക്കാതെ ഉള്ളവിലയ്ക്ക് അവയെ വിറ്റഴിക്കുമെന്നാണ് എനിക്കു തോന്നുന്നത്. അക്ടോബർ 20-ാം തീയതിക്ക് ഇനി രണ്ടുമാസത്തോളമേയുള്ളൂ. അതിനുമുൻപ് അവർ കഴിയുന്നതും വിറ്റഴിക്കാൻ നോക്കുമെന്നാണ് എന്റെ ഊഹം.

MR. K. A. MUHAMMED : തുണിയെ സംബന്ധിച്ച് വല്ല നടപടിയും എടുക്കുന്നുണ്ടോ?

HON'BLE MR. A. THANU PILLAI : ഉണ്ട്. രണ്ടുംരണ്ടുപോലെയാണ്. അതുകൊണ്ട് രണ്ടുപോലുള്ള നടപടികൾ കൈക്കൊള്ളുന്നുണ്ടു്.

MR. PRESIDENT : മി. മുസ്തഫാക്ക് ഇതിനെ സംബന്ധിച്ച് എന്തെങ്കിലും പറയുവാനുണ്ടോ?

MR. MOHAMMED MUSTAFA : ഞാൻ അടിയന്തിരപ്രമേയം അയക്കാൻ കാരണമായത് ഇൻഡ്യാഗവണ്മെൻറിന്റെ പുതിയ നയത്തെ അടിസ്ഥാനപ്പെടുത്തിയിവിടത്തെ കച്ചവടക്കാർ തുണി ഒളിവിൽ വയ്ക്കുന്നുവെന്നുള്ള സൂക്ഷ്മമറിഞ്ഞുകൊണ്ടാണ്. അടുത്തകാലത്ത് ഓണം, റംസാൻ മുതലായ അടിയന്തിരങ്ങൾ വരുന്നുണ്ട്. ഇങ്ങനെ കച്ചവടക്കാർ തുണി ഒളിവിൽ വച്ചുകൊണ്ട് തുണി കൊടുക്കാതെ കരിഞ്ചന്തവഴി തുണി വിൽക്കാമെന്നുള്ള ഉദ്ദേശത്തിൽ ഇരിക്കുന്നതിനാൽ ഈ അടിയന്തിരങ്ങൾക്കും

LIBRARY ARCHIVES Kerala Legislative Assembly

മറ്റാ അത്യാവശ്യമുള്ള തുണി ലഭിക്കാതെ ജനങ്ങൾ വൈഷമ്യം അനുഭവിക്കുന്നുവെന്നുള്ള സംഗതി ഗവണ്മെൻറിന്റെ മുമ്പാകെ കൊണ്ടുവരുന്നതിനാണ് ഞാൻ ഈ അടിയന്തിരപ്രമേയം കൊണ്ടുവന്നത്. മുമ്പ് കൺട്രോൾ നിലവിലിരുന്ന കാലത്തു് ഇവിടത്തെ പല കച്ചവടക്കാരും തുണി പുറത്തെടുക്കാതെ കരിഞ്ചന്തയിൽ വിറ്റു കൊണ്ടിരുന്നുവെന്നുള്ളതു് പരമാർത്ഥമാണ്. അതിനു് ഇവിടത്തെ കച്ചവടക്കാർക്കു വലിയ സാമർത്ഥ്യമുണ്ടെന്നുള്ളതും അറിയാവുന്ന സംഗതിയാണ്. അതുകൊണ്ടു് അവർ ഉള്ള തുണിയെല്ലാം ഉടനടി വിറ്റഴിച്ചു കൊള്ളുമെന്നുള്ള വിശ്വാസം ശരിയല്ല. ഏതായാലും വേണ്ട നടപടി കൈക്കൊള്ളുന്നതാണെന്നുള്ള ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ഉറപ്പു സ്വീകരിച്ചുകൊണ്ടു് അടിയന്തിരപ്രമേയം പിൻവലിക്കുന്നു.

MR. PRESIDENT : അടിയന്തിരപ്രമേയം പിൻവലിക്കുന്നതിനു് സഭ അനുവദിക്കുന്നുവെന്നു വിശ്വസിക്കുന്നു.

COMMITTEE ON PETITIONS.

MR. PRESIDENT : നിയമസഭാ സ്റ്റാൻഡിംഗ് ഓർഡർ നമ്പർ വകുപ്പ് അനുസരിച്ചു് ഉള്ള അധികാരമുപയോഗിച്ചു ഒരു ഹർജി കമ്മിറ്റിയെ നിയമിക്കേണ്ടതായിട്ടുണ്ടു്. അതിനാൽ അതിലേക്കുള്ള ഒരു കമ്മിറ്റിയെ നിയമിക്കുന്നു. കമ്മിറ്റിയിൽ 5 അംഗങ്ങൾ ഉള്ളതും താഴെ പറയുന്നവർ അംഗങ്ങളായിരിക്കുന്നതുമാണ്.

മിസ്റ്റർ ടി. എ. അബ്ദുള്ളാ
,, കെ. എ. ഗംഗാധരമേനോൻ
,, അലക്സാണ്ടർ വാകയിൽ
,, ആർ. ശങ്കർ
,, യു. കെ. വാസുദേവനാശാരി

മി. ടി. എ. അബ്ദുള്ളാ കമ്മിറ്റിയുടെ പ്രസിഡണ്ടായിരിക്കുന്നതാണ്.

MR. K. R. ELANKATH : സർ, ബഡ്ജറിനെ അടിസ്ഥാനപ്പെടുത്തി ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽ പെടുത്തേണ്ടതായിട്ടുണ്ടു്, അതായതു് ഡിപ്പാർട്ടുമെൻറുകളിലെ വാർഷിക റിപ്പോർട്ടുകൾ ലഭിക്കുന്ന കാര്യത്തെക്കുറിച്ചാണു്, മുൻപു് ഡിപ്പാർട്ടുമെൻറുകളിലെ വാർഷിക റിപ്പോർട്ടുകൾ മീനം മേടം ഈ മാസങ്ങളിൽ ലഭിച്ചുകൊണ്ടിരുന്നു. എന്നാൽ ഇപ്പോൾ വളരെ താമസിച്ചാണു കിട്ടിയിട്ടുള്ളതു്. മെംബ

LIBRARY ARCHIVES Kerala Legislative Assembly